കൃഷിവിഭവങ്ങൾ, അലോപ്പതി ഔഷധങ്ങൾ എന്നിവ ഭേദഗതിയിൽ ഉൾക്കൊള്ളിക്കപ്പെടുകയും ഇത് സംബന്ധിച്ചുയർന്ന പ്രതിഷേധ ശബ്ദങ്ങളുടെ ഫലമായി ആയുർവേദത്തിലെ കണ്ടുപിടിത്തങ്ങളെ ഒഴിവാക്കുവാൻ കേന്ദ്ര സർക്കാർ നിർബന്ധിക്കപ്പെടുകയുമുണ്ടായി. പേറ്റന്റ് നിയമത്തിലുണ്ടാകുന്ന ഭേദഗതികൾ ഭാരതത്തിലെ ആയുർവേദ മേഖലയ്ക്ക് ഭീഷണിയുയർത്തുന്നതാണെന്നും ആയുർവേദ ഔഷധനിർമ്മാണം ബഹുരാഷ്ട്ര കുത്തകകൾക്കായി വഴിമാറേണ്ടിവരികയും ഔഷധങ്ങളുടെ വില കുത്തനെ ഉയരുകയും ചെയ്യുമെന്ന് ഈ രംഗത്ത് പ്രവർത്തിക്കുന്നവർ ചൂണ്ടിക്കാണിക്കുന്നുണ്ട്. പേറ്റന്റ് സംബന്ധിച്ച നടപടികളെല്ലാം പൂർണ്ണമായും കേന്ദ്രസർക്കാരിന്റെ അധികാര പരിധിയിൽപ്പെടുന്ന കാര്യങ്ങളാണ്. രാജ്യത്തിന്റെ തനത് ചികിത്സാ സമ്പ്രദായത്തിന് ദോഷകരമായ രീതിയിൽ പേറ്റന്റ് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളരുതെന്ന് സംസ്ഥാനം കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുണ്ട്. ആരോഗ്യമന്ത്രിമാരുടെ സമ്മേളനത്തിലും ഇക്കാര്യം അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പാവയ്ക്ക, വഴുതനങ്ങ എന്നിവ ആയുർവേദഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്നവയും പ്രമേഹരോഗശമനിയായി വിവരിച്ചിരിക്കുന്ന ഔഷധങ്ങളുമാണ്. ഇതിന്റെ പേറ്റൻസി സംബന്ധിച്ച് അടുത്ത കാലത്ത് ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നല്ലാതെ ഔദ്യോഗികമായ അറിവ് സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ ഇല്ല. പേറ്റന്റ് നിയമഭേദഗതിയുമായി ബന്ധപ്പെട്ട് ആയുർവേദമേഖലയെ സംബന്ധിച്ചിടത്തോളം പ്രതിസന്ധിക്കിടയാകുമെന്ന കാര്യം, ഈ രംഗത്ത് പ്രവർത്തിക്കുന്നവരുടെ വികാരം സംസ്ഥാന സർക്കാർ ഉൾക്കൊള്ളുന്നു. വ്യക്തമായ കാഴ്ചപ്പാടാണ് സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിലുള്ളത്. അതിന്റെയടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ഉചിതമായ നടപടികൾ ആവിഷ്കരിക്കുന്നതും നമ്മുടെ ശക്തമായ വികാരം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതുമാണ്. പൊതുജനങ്ങളുടെ ശക്തമായ പ്രതിഷേധവും സമ്മർദ്ദവും തീർച്ചയായും കേന്ദ്ര ഗവൺമെന്റിന്റെ സജീവ ശ്രദ്ധ ഈ കാര്യത്തിൽ കൊണ്ടുവരുമെന്ന് ഗവൺമെന്റ് കരുതുന്നു.

(14) അഗളിയിലെ സ്വാശ്രയ സംഘങ്ങളിൽ നടക്കുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, അഗളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ സ്വാശ്രയ സംഘങ്ങൾ വഴി ലക്ഷക്കണക്കിന് രൂപയുടെ വെട്ടിപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് മൂന്നു ജില്ലകളിലാണ് കാർഷിക വായ്പകൾ സ്വാശ്രയ സംഘങ്ങൾവഴി നൽകുന്നതിനുള്ള അനുവാദം നൽകിയിരിക്കുന്നത്. കണ്ണൂർ, പാലക്കാട്, എറണാകുളം എന്നീ ജില്ലകളിലാണ്. ഇതിൽ ഞാൻ മനസ്സിലാക്കുന്നിടത്തോളം പാലക്കാട് ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് അവരുടെ അഗളി ശാഖവഴി നാലു കോടി രൂപയുടെ കാർഷിക വായ്പകൾ നൽകുന്നതിനുള്ള തീരുമാനമെടുത്ത് പണം നൽകിയിട്ടുണ്ടെന്നാണ് അറിയുന്നത്. ഇതിൽ കൃഷിക്കാർ ഇഞ്ചി, വാഴ എന്നീ കൃഷികൾക്ക് ലോൺ എടുക്കുകയാണ് പതിവ്. ഇതിനകത്താണ് വെട്ടിപ്പ് നടന്നിരിക്കുന്നത്. അട്ടപ്പാടിയിൽ 20 സ്വാശ്രയ സംഘങ്ങൾ ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സംഘം വഴി നാലു കോടി രൂപയാണ് നൽകാനുള്ള തീരുമാനമെടുത്തിരിക്കുന്നത്. പല സംഘങ്ങളിലും ഇതിനോടകം രണ്ടു ഗഡുക്കൾ പണം നൽകിയതായി അറിയുന്നു. ഓരോ സംഘത്തിന്റെയും കൺവീ

LIBRARY ARCHIVES Kerala Legislative Assembly

നർക്കാണ് പണം നൽകുന്നത്. കൺവീനർ മുഖേനയാണ് സംഘത്തിലെ മറ്റു മെമ്പർമാർക്ക് പണം വീതിക്കുന്നത്. സംഘത്തിലുള്ള മെമ്പർമാർക്ക് അനുവദിച്ച തുക പോലും കൃത്യമായി നൽകിയിട്ടില്ല എന്നാണ് അറിയുന്നത്. ഒരേക്കർ വാഴക്കൃഷിക്ക് ഒരുലക്ഷം രൂപയും ഇഞ്ചിക്കൃഷിക്ക് 75000 രൂപയുമാണ് അനുവദിക്കുന്നത്. പക്ഷേ സംഘത്തിലെ അംഗങ്ങൾക്ക് വളരെ തുച്ഛമായ പണമാണ് ഇതിൽനിന്നു കിട്ടുന്നത്.

[11 AM] കൃഷികൾ ഇൻഷർ ചെയ്യുന്നതിലേയ്ക്ക് സംഘാംഗങ്ങളിൽനിന്നും തുക ഈടാക്കിയിട്ടുണ്ടെങ്കിലും റിസർവ് ബാങ്കിന്റെ ഗൈഡ്ലൈൻസിനു വിരുദ്ധമായി പ്രവർത്തിക്കുന്നതുകൊണ്ട് ഇൻഷ്വറൻസ് കമ്പനിക്കാർ അതിനുള്ള അനുവാദം നൽകിയിട്ടില്ല. അതുകൊണ്ട് ഈ കൃഷികൾക്ക് ഇൻഷർ ചെയ്യാൻ കഴിയുന്നില്ല. അട്ടപ്പാടിയിലെ ഭൂരിപക്ഷം സ്വാശ്രയ സംഘങ്ങളിലും കൃത്രിമമായ രേഖയുണ്ടാക്കി പണം തട്ടിയെടുക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത് ഞാൻ ഈ സഭയിൽ ഉന്നയിക്കുന്നതിനുകാരണം ഞങ്ങളുടെ പാർട്ടിയുടെ വനിതാവിഭാഗത്തിന്റെ ജില്ലാ പ്രസിഡന്റ് അവിടെയാണുള്ളത്. അവരുടെ പേരിലെ ഒമ്മല സ്വാശ്രയ കൺവീനർ സദൻ എന്ന വി.ആർ. രാമകൃഷ്ണൻ എന്നയാൾ ചെല്ലിപ്പാറയിൽ താമസിക്കുന്ന കുട്ടിയമ്മ തോമസിന്റെ സർവ്വേ നമ്പർ 2019-ൽപ്പെട്ട ഒന്നേകാൽ ഏക്കർ സ്ഥലം സ്വാശ്രയസംഘം കൺവീനർ വി.ആർ. രാമകൃഷ്ണൻ, കുട്ടിയമ്മ തോമസിന്റെ വ്യാജ ഒപ്പിട്ട് എഗ്രിമെന്റുണ്ടാക്കി. മേൽപ്പടി എഗ്രിമെന്റ് ഈടു കൊടുത്ത് അഗളി ശാഖയിൽ നിന്നും ആദ്യഗഡുവായി 20,000 രൂപ കൈപ്പറ്റി. ഇതിനെ സംബന്ധിച്ച് അഗളി പോലീസ് സ്റ്റേഷനിലും ബാങ്കിലും വിജിലൻസിലും കുട്ടിയമ്മ തോമസ് പരാതി നൽകി. സബ് ഇൻസ്പെക്ടർ ഇതിനെക്കുറിച്ച് അന്വേഷണം നടത്തിയതിനുശേഷം ഐ.പി.സി. 420,465 എന്നീ വകുപ്പുകൾ പ്രകാരം മണ്ണാർക്കാട് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ എഫ്.ഐ.ആർ. ഫയൽ ചെയ്തിട്ടുണ്ട്. അട്ടപ്പാടിയിലെ സ്വാശ്രയ സംഘത്തിൽ ഇത്തരത്തിലുള്ള കൃത്രിമ രേഖകൾ ഉണ്ടാക്കി പണം തട്ടിയെടുക്കാൻ കൺവീനർമാരും ബന്ധപ്പെട്ട ലോബികളും ശ്രമിക്കുന്നതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മുഴുവൻ സംഘങ്ങളിലേയും ലോണുകൾ നിർത്തിവച്ച് വിജിലൻസിനെക്കൊണ്ട് അന്വേഷണം നടത്തിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട മന്ത്രി കെ. രാധാകൃഷ്ണനും ഈ അടുത്ത കാലത്ത് അട്ടപ്പാടിയിൽ പോയിരുന്നു. മുഖ്യമന്ത്രിയുടെയടുക്കൽ ഇതു സംബന്ധിച്ച് പരാതികൾ വന്നിട്ടുണ്ട്. ഈ സംഘങ്ങൾ രജിസ്റ്റർ ചെയ്തിരിക്കുന്നത് കൂടുതലും സി.പി.ഐ.(എം) ന്റെ ആളുകളാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ശരിയോ തെറ്റോ എന്നുള്ളത് അറിഞ്ഞുകൂടാ. അത് അന്വേഷിച്ചുകൊള്ളുക. എനിക്കു കിട്ടിയ വിവരമാണ്.

ശ്രീ. ടി.കെ. ഹംസ : നിങ്ങൾ അന്വേഷിക്കൂ.

ശ്രീ. ടി.എം. ജേക്കബ് : സർ, ഇത് സബ്മിഷനാണ്.

ശ്രീ. ടി.കെ. ഹംസ : സബ്മിഷനിൽ വേണ്ടാത്തരം പറയുകയാണോ?

ശ്രീ. ടി.എം. ജേക്കബ് : ഞാൻ വേണ്ടാത്തരമൊന്നും പറഞ്ഞില്ല. നിങ്ങൾ എന്നെ പഠിപ്പിക്കണ്ട. സർ, ഞാൻ അങ്ങയുടെ അനുവാദത്തോടുകൂടിയാണ് പറയുന്നത്. എനിക്കു കിട്ടിയ വിവരം അനുസരിച്ച് മാർക്സിസ്റ്റ് പാർട്ടിയിലെ അംഗങ്ങളാണ് കൂടുതൽ സ്വാശ്രയ സംഘങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. അത് അവിടത്തെ മെമ്പർ ശ്രീ. ജോസ് ബേബിക്ക് അറിയാം. അതിനെക്കുറിച്ച് അന്വേഷിക്കാനുള്ള ഉത്തരവാദിത്വം ബഹുമാനപ്പെട്ട മന്ത്രിക്കുണ്ട്. മന്ത്രി അതിനെക്കുറിച്ച് മറുപടി പറയട്ടെ. അതിന് ശ്രീ. ടി.കെ. ഹംസയല്ല മറുപടി പറയേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയിരിക്കുന്ന പരാതിയിലും ഈ കാര്യം

LIBRARY ARCHIVES Kerala Legislative Assembly

ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കുട്ടിയമ്മ തോമസ് തന്നെ അങ്ങേക്ക് നൽകിയ പരാതിയിൽ, സി.പി.എം.ലെ ആളുകളാണ് കൂടുതലും രജിസ്റ്റർ ചെയ്തിരിക്കുന്നത് എന്നു പറഞ്ഞിട്ടുണ്ട്. അത് ഈ സഭയിൽ ഉന്നയിക്കാൻ എനിക്ക് അവകാശമുണ്ട്. എല്ലാ ദിനപ്പത്രങ്ങളിലും അത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇതിനെക്കുറിച്ച് അന്വേഷിക്കണം. ഈ സംഘങ്ങൾ വഴി പണം തട്ടിപ്പു നടത്താൻ അനുവദിക്കരുത്. വായ്പകൾ നിർത്തിവച്ച്, ഇതിനെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ചെറുകിട കർഷകരേയും കർഷകത്തൊഴിലാളികളെയും സ്വന്തമായി കൃഷി ചെയ്യാൻ സൗകര്യമില്ലാത്ത ഭൂവുടമകളേയും കാർഷികവൃത്തിയിൽ താൽപ്പര്യമുള്ള മറ്റ് ഗ്രാമീണ ജനവിഭാഗങ്ങളേയും ഉൾപ്പെടുത്തി നിശ്ചിത പ്രദേശത്തിന്റെ വികസനം ലക്ഷ്യമാക്കിക്കൊണ്ടാണ് സ്വാശ്രയ ഗ്രൂപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. നാമമാത്രകർഷകർ, കൃഷിഭൂമി ഉടമകൾ, ഭൂരഹിത കർഷകത്തൊഴിലാളികൾ, കാർഷികവൃത്തിയിൽ താൽപര്യമുള്ളവർ, ട്രൈബൽ തുടങ്ങിയ ജനവിഭാഗങ്ങളെ ചെറിയ ചെറിയ ഗ്രൂപ്പുകളായി അവർക്ക് കാർഷിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി. പദ്ധതി സഹായം വ്യക്തികൾക്കല്ല, ഗ്രൂപ്പുകൾക്കാണ്. പാലക്കാട് ജില്ലയിൽ 1998-99 വർഷത്തിൽ ഈ പദ്ധതി ആരംഭിച്ചു. അട്ടപ്പാടി പ്രദേശത്ത് സഹകരണബാങ്കുകൾ നിലവിലില്ലാത്തതിനാൽ ഈ പ്രദേശത്ത് സഹകരണ നിയമത്തിലെ വകുപ്പ്-51, ഉപവകുപ്പ് 1 പ്രകാരം ഉള്ള അനുവാദം വാങ്ങി പാലക്കാട് ജില്ലാ സഹകരണ ബാങ്ക് തന്നെ ഗ്രൂപ്പുകാർക്ക് നേരിട്ട് വായ്പ നൽകി. ഇതിൽ ക്രമവിരുദ്ധമായി ഒന്നുംതന്നെയില്ല. ആകെ നൽകിയ വായ്പ 71.84 ലക്ഷം രൂപ മാത്രമാണ്. എല്ലാ സ്വാശ്രയ ഗ്രൂപ്പുകളും നന്നായി പ്രവർത്തിച്ചുവരുന്നു എന്നാണ് കിട്ടിയ വിവരം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച പരാതിയെ സംബന്ധിച്ച് ഗവൺമെന്റ് വിശദമായി അന്വേഷിക്കുന്നതും നടപടി സ്വീകരിക്കുന്നതുമാണ്.

മി. സ്പീക്കർ : ഇന്നലെ ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ ഉന്നയിച്ച പ്ലസ്ടു വിനെ സംബന്ധിച്ച കാര്യം തന്നെയാണ് ശ്രീ. നാലകത്ത് സൂപ്പി ഇന്ന് എഴുതിത്തന്നിരിക്കുന്നത്. വാസ്തവത്തിൽ അത് സ്വീകരിക്കാൻ പാടുള്ളതല്ല. ഇന്ന് അതിനെപ്പറ്റിയുള്ള സമരം ആയതുകൊണ്ടാണ് ഞാൻ സ്വീകരിച്ചത്. ഞാൻ മന്ത്രിക്ക് ഇന്ന് രാവിലെ കൊടുത്തു. ആ കാര്യം ഇന്നലെ ഇവിടെ വിശദമായി ചർച്ചചെയ്ത വിഷയമാണ്.....(ബഹളം)..... ഇത് ശരിയായ രീതിയല്ല. .....(ബഹളം).....

V. മേശപ്പുറത്തുവച്ച കടലാസ്

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

VI. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly